# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **2834** **21.06.2012 – ൽ മറുപടിയ്ക്ക്**

**കണ്ണിവയൽ റ്റി.റ്റി.ഐ.**

ചോദ്യം

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

മലബാർ പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ മലയോര കുടിയേറ്റ മേഖലയിലെ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായ കണ്ണിവയൽ റ്റി. റ്റി. ഐ.ക്ക് 3 കോടി 10 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച് 4 വർഷം കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

കാസർഗോഡ് ജില്ലയിലെ മലയോര കുടിയേറ്റ മേഖലയിലെ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആയ കണ്ണിവയൽ ടി.ടി.ഐക്ക് ജി.ഒ (ആർ.ടി) നം: 1048/09/പൊ.മ.വ. തീയതി 14.07.2009 പ്രകാരം 310 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പക്ഷേ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ കെട്ടിടങ്ങളും നിർമ്മിക്കാൻ ഉദ്ദേശിച്ച സ്ഥലം മതിയാകാതെ വന്നതിനാൽ ബോയ്സ് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നീ കെട്ടിടങ്ങൾ ഒഴിവാക്കി പ്ലാൻ തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ നടത്തുകയും ഈ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**